# രക്ഷയുടെ പാതയിൽ



# സഭ : ദൈവത്തിന്റെ ജനം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

8

# ഉള്ളടക്കം

1. സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം
2. കർത്താവായ ദൈവം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന സമൂഹം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിതജനം
7. സഭ : പങ്കുവെക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

# പാഠം- 13



## സഭ : ശ്ലൈഹികമാണ്

# സഭ : ശ്ലൈഹികമാണ്

സഭ : ശ്ലൈഹികമാണ്

1. ശ്ലീഹന്മാരുടെ വിശ്വാസാനുഭവം
2. ശ്ലീഹന്മാരുടെ ദൗത്യങ്ങൾ
3. ശ്ലീഹന്മാരുടെ പ്രബോധനങ്ങൾ
4. ശ്ലീഹന്മാരും സഭാസമൂഹങ്ങളും
5. സീറോമലബാർ സഭയുടെ ശ്ലൈഹിക പൈ
6. മെത്രാന്മാർ
7. മേജർ ആർച്ചുബിഷപ്പ്
8. മാർപാപ്പയുടെ പരമാധികാരം
9. മെത്രാന്മാരുടെ സംഘാത്മകത

സഭ : ശ്ലൈഹികമാണ്

- തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനുമായി പന്ത്രണ്ടുപേരെ അവൻ നിയോഗിച്ചു.

സഭ : ശ്ലൈഹികമാണ്

## ശ്ലീഹന്മാരുടെ വിശ്വാസാനുഭവം

- നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ ആകുന്നു.
- ഈശോയെ കർത്താവും ദൈവവുമായി ശ്ലീഹന്മാർ വിശ്വസിച്ചു.
- ആ  വിശ്വാസം അവർ പ്രഘോഷിച്ചു.
- അവരുടെ വിശ്വാസപ്രഘോഷം ശ്രവിച്ചവർ ആ വിശ്വാസത്തിലേക്ക് കടന്നുവന്നു.
- അങ്ങനെ ശ്ലീഹന്മാരുടെ വിശ്വാസാനുഭവം സഭയുടെ അടിത്തറയായി മാറി.

# ശ്ലീഹന്മാരുടെ ദൗത്യങ്ങൾ

സഭ : ശ്ലൈഹികമാണ്

- ചില വ്യക്തികളെ പ്രത്യേകം തെരഞ്ഞെടുത്ത് അവർക്കു പ്രത്യേക ദൗത്യങ്ങൾ ഏല്പിച്ചുകൊണ്ടാണ് ദൈവം ഇക്കാര്യം നടപ്പിലാക്കിയത്.
- പ്രവാചകന്മാർ, പുരോഹിതന്മാർ, രാജാക്കന്മാർ എന്നിവരാണ് അവർ.
- ഇസ്രയേലിനു രക്ഷാകരമായ അനുഭവം പ്രദാനം ചെയ്തിരുന്ന ഈ ത്രിവിധ ദൗത്യങ്ങൾ വരാനിരുന്ന മിശിഹായിൽ പൂർത്തിയാക്കപ്പെട്ടു.
- ഈശോ ഒരേ സമയം പ്രവാചകനും പുരോഹിതനും രാജാവുമായിരുന്നു.

സഭ : ശ്ലൈഹികമാണ്

## ശ്ലീഹന്മാരുടെ പ്രബോധനങ്ങൾ

- കുരിശിൽ തറയ്ക്കപ്പെട്ട് യഹൂദ ദൃഷ്ടിയിൽ ശപിക്കപ്പെട്ടവനായി മരിച്ച ഈശോ വരാനിരുന്ന രക്ഷകനാണെന്നും കർത്താവെന്ന ഉന്നതമായ നാമം നല്കി ദൈവം അവിടുത്തെ ഉയർത്തിയെന്നും ശ്ലീഹന്മാർ പ്രഖ്യാപിച്ചു.
- മിശിഹായിൽ വിശ്വസിക്കുന്നവരും അവിടുത്തെ നാമം ഏറ്റുപറയുന്നവരുമാണ് രക്ഷ പ്രാപിക്കുന്നതെന്നും അവർ വ്യക്തമാക്കി.

സഭ : ശ്ലൈഹികമാണ്

## ശ്ലീഹന്മാരും സഭാസമൂഹങ്ങളും

- ശ്ലീഹന്മാർ സുവിശേഷം പ്രഘോഷിച്ച സ്ഥലങ്ങളിലെല്ലാം വിവിധ ക്രൈസ്തവസമൂഹങ്ങൾ രൂപം കൊണ്ടു.
- മാർത്തോമ്മശ്ലീഹ പേർഷ്യ, ഇന്ത്യ തുടങ്ങിയ പ്രദേശങ്ങളിൽ സുവിശേഷം പ്രസംഗിച്ചു

സഭ : ശ്ലൈഹികമാണ്

## സീറോമലബാർ സഭയുടെ ശ്ലൈഹിക പൈതൃകം

- ഈശോയെ കർത്താവും ദൈവവുമായി ഏറ്റു പറഞ്ഞ അവിടുത്തോടപ്പം ജീവിക്കാനും മരിക്കാനും സന്നദ്ധത പ്രകടിപ്പിച്ച ശ്ലീഹായാണ് മാർത്തോമ്മശ്ലീഹ.
- മാർത്തോമ്മശ്ലീഹായിലൂടെ കൈവന്ന വിശ്വാസാനുഭവമാണ് നമ്മുടെ സഭയുടെ ശ്ലൈഹികാടിസ്ഥാനം.

സഭ : ശ്ലൈഹികമാണ്

## മെത്രാന്മാർ

- ശ്ലീഹന്മാരുടെ പിൻഗാമികളാണ് മെത്രാന്മാർ.
- അവർ തങ്ങൾക്കു ലഭിച്ച പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വിശ്വാസത്തിന്റെ ആധികാരിക പ്രബോധകരും പ്രധാനാചാര്യന്മാരും അജപാലകരുമാണ്.
- കർത്താവിന്റെ അജഗണത്തിൽ തങ്ങളെ ഭരമേൽപിച്ചിരിക്കുന്ന വിഭാഗത്തിന്റെ പാലനം അവർ നിർവഹിക്കുന്നു.
- രൂപതയാകുന്ന പ്രാദേശികസഭയുടെ തലവനാണ് മെത്രാൻ.

സഭ : ശ്ലൈഹികമാണ്

## മേജർ ആർച്ചുബിഷപ്പ്

- പേട്രിയാർക്കൽ സഭകൾ കൂടാതെ തത്തുല്ല്യമായ അധികാരാവകാശങ്ങളോടു കൂടിയ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭകളുമുണ്ട്.
- മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയുടെ തലവൻ മേജർ ആർച്ചുബിഷപ്പാണ്.

സഭ : ശ്ലൈഹികമാണ്

# മാർപാപ്പയുടെ പരമാധികാരം

- ഈശോ തെരഞ്ഞെടുത്ത പന്ത്രണ്ട് അപ്പസ്തോലന്മാരുടെ സംഘത്തിൽ ഈശോ തന്നെ പ്രാമുഖ്യം കൊടുത്ത വ്യക്തിയാണ് ശെമയോൻ പത്രോസ്.
- പത്രോസാകുന്ന പാറമേൽ സഭ സ്ഥാപിക്കുമെന്നും സ്വർഗരാജ്യത്തിന്റെ താക്കോലുകൾ അവനു നല്കുമെന്നും ഈശോ വാഗ്ദാനം ചെയ്തു.
- മാർപാപ്പാ വിശുദ്ധ പത്രോസിന്റെ പിൻഗാമിയാണ്.
- മാർപാപ്പാ ഒരേസമയം റോമിന്റെ മെത്രാനും ആഗോള കത്തോലിക്കാസഭയുടെ തലവനുമാണ്.
- സാർവത്രിക സഭയെ മുഴുവൻ നയിക്കാനും വിശുദ്ധീകരിക്കാനും പഠിപ്പിക്കാനുമുള്ള അധികാരം മാർപാപ്പായ്ക്കുണ്ട്

സഭ : ശ്ലൈഹികമാണ്

## മെത്രാന്മാരുടെ സംഘാത്മകത

- വിശുദ്ധ പത്രോസും ബാക്കി പതിനൊന്നു ശ്ലീഹന്മാരും ചേർന്നുണ്ടായ ശ്ലൈഹിക കൂട്ടായ്മപോലെ ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരും പത്രോസിന്റെ പിൻഗാമിയായ മാർപാപ്പായും ചേർന്ന മെത്രാന്മാരുടെ കൂട്ടായ്മയാണ് സഭയെ നയിക്കുന്നത്.

# എന്റെ തീരുമാനം

എന്റെ ഇടവക
വികാരിക്കുവേണ്ടിയും
രൂപതാധ്യക്ഷകനുവേണ്ടി
യും ഞാൻ അനുദിനം
പ്രാർത്ഥിക്കും


ഓർക്കാൻ ഒരു
തിരുവചനം
അപ്പസ്തോലന്മാരും
പ്രവാചകന്മാരുമാകുന്ന
അടിത്തറമേൽ
പണിയപ്പെട്ടവരാണ്
നിങ്ങൾ. ഈ
അടിത്തറയുടെ മൂലക്കല്ല്
മിശിഹായാണ്.

## നമുക്കു പ്രാർത്ഥിക്കാം

കർത്താവേ, തെരഞ്ഞെടുക്കപ്പെട്ട ജനത്തെ വാഗ്ദത്ത നാട്ടിലേക്ക് മോശ നയിച്ചതുപോലെ അങ്ങയുടെ സഭയെ സ്വർഗീയ ഓർശ്ലത്തേക്കു നയിക്കുവാൻ ഞങ്ങളുടെ അജപാലകന്മാരെ സമൃദ്ധമായി അനുഗ്രഹിക്കണമേ